പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 896 04/03/2020-ലെ മറുപടി

## പേരൂർക്കട-വഴയില പൈപ്പ് ലൈൻ കടന്നുപോകുന്ന സ്ഥലം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ആർ. സുനിൽ കുമാർ | | ശ്രീ. കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി) | |
| എ) | കേരള വാട്ടർ അതോറിറ്റിയുടെ പേരൂർക്കട ഓഫീസിന് പുറകിൽ വിന്നേഴ്സ് നഗർ വരെ പേരൂർക്കട-വഴയില പൈപ്പ് ലൈൻ കടന്നുപോകുന്ന സ്ഥലം കൃഷി ഓഫീസറുടെ ശിപാർശ പ്രകാരം എൻവയോൺമെന്റൽ പ്രൊട്ടക്ഷൻ ആന്റ് റിസർച്ച് കൺസൾട്ടൻസി എന്ന സ്വകാര്യ കൺസൾട്ടൻസിക്ക് വാടകയ്ക്ക് കൊടുക്കുവാൻ അതോറിറ്റി ബോർഡ് തീരുമാനിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. വട്ടിയൂർക്കാവ് കൃഷി ഓഫീസറുടെ അപേക്ഷ പരിഗണിച്ച് തിരുവനന്തപുരം നഗരസഭയിലെ തുരുത്തുംമൂല വാർഡിൽ പേരൂർക്കട ജംഗ്ഷനിൽ നിന്ന് വഴയിലയിലേക്ക് പോകുന്ന പൈപ്പ് ലൈൻ റോഡിൽ പേരൂർക്കട കെ. ഡബ്ല്യൂ എ എസ്. എസ്. യൂ ഓഫീസിന് പിൻവശം മുതൽ വിന്നേഴ്സ് നഗർ വരെയുള്ള പൈപ്പ് കടന്നു പോകുന്ന പ്രദേശം ഒഴികെയുള്ള കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള 1 ഹെക്ടർ സ്ഥലത്ത് 3 വർഷത്തേയ്ക്ക് നിബന്ധനകളോടെ കൃഷി ചെയ്യുവാനായി വട്ടിയൂർക്കാവ് കൃഷി ഓഫീസർക്ക് അനുമതി നൽകാൻ കേരള വാട്ടർ അതോറിറ്റിയുടെ 3/01/2020 ലെ 411-ാം യോഗത്തിൽ 10951-ാം നമ്പരായി തീരുമാനിച്ചിരുന്നു. എന്നാൽ ഇതു സംബന്ധിച്ച് കൃഷി ഓഫീസറിൽ നിന്നും ഈ പദ്ധതി സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ആവശ്യമായതിനാൽ അനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. കൃഷി ഓഫീസറിൽ നിന്ന് കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) | തിരുവനന്തപുരം നഗരത്തിലേക്ക് കുടിവെള്ളമെത്തുന്ന പൈപ്പ് ലൈൻ കടന്നു പോകുന്ന പൈപ്പ് ലൈൻ റോഡ് സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | | 2014 ലെ Kerala Water Authority(Eviction of Unauthorised occupation and removal of unauthorised constructions) Regulations പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് പൈപ്പ് ലൈൻ റോഡ് സംരക്ഷിച്ചു വരുന്നു. |

Renuka Sankar

സെക്ഷൻ ഓഫീസർ